DATE : 23-06-2020

CLASS:1
മലയാളം




# ഹായ് മക്കളെ....



കൂട്ടുകാർക്ക് അമ്മുവിനെ ഓർമ്മയില്ലേ?
അമ്മുവിന്റെ കൂട്ടുകാരിയുടെ പേരെന്തായിരുന്നു?
നിങ്ങൾ പറഞ്ഞ പേരുകളെല്ലാം ടീച്ചർക്ക് ഇഷ്ടമായി.
അമ്മുവിന്റെ കൂട്ടുകാരിക്ക് ടീച്ചർ ഒരു പേരിടട്ടെ...
എന്താണെന്നറിയേണ്ടേ?



# താര

എല്ലാവരും നോട്ട്ബുക്കിൽ എഴുതി പഠിക്കണേ.....

താരയുടെ വീട്ടിലെത്തിയ അമ്മു കണ്ട
കാഴ്ചകളൊക്കെ കൂട്ടുകാർ പറഞ്ഞു തന്നല്ലോ?
നല്ല മക്കൾ.
എല്ലാവരും ഇന്നലത്തെ ക്ലാസ് കണ്ടിരുന്നോ?
താരയുടെ വീട്ടിലെ  കാഴ്ചകൾ ശോഭ ടീച്ചറും
പറഞ്ഞു തന്നു, അല്ലേ?

ക്ലാസ് ഒന്നുകൂടി കാണണോ?
എങ്കിൽ താഴെ കാണുന്ന ചിത്രത്തിൽ ഒന്ന്
തൊട്ടാൽ മതി.



ക്ലാസ്സ് - *1*
മലയാളം

**കൂട്ടുകാരെല്ലാം താരയുടെ വീടും പരിസരവും കണ്ടല്ലോ? എല്ലാവർക്കും ഇഷ്ടമായോ?**



# താരയുടെ വീട്

താരയുടെ വീട് പോലെ നമുക്കും
വീട് വരച്ചാലോ?
എല്ലാവർക്കും വീട് വരയ്ക്കാനറിയാമോ?
എല്ലാവരും നല്ല ഭംഗിയിൽ വീട് വരച്ച് നിറം
നൽകി ടീച്ചർക്ക് അയച്ചു തരണേ...
ചിത്രത്തിന് താഴെ "എന്റെ വീട്"
എന്ന് എഴുതാൻ മറക്കല്ലേ.....

എല്ലാവരും വീട് വരച്ചോ?
എന്നാൽ നമുക്ക് വീടിനെ
കുറിച്ച് ഒരു പാട്ട് പാടാം....
എല്ലാവരും പാടണേ...



**വീട് നല്ല വീട്**
**ഞാൻ വരച്ച വീട്**
**എന്തു നല്ല വീട്**
**എന്റെ സ്വന്തം വീട്**



എന്റെ എല്ലാ മക്കളും ഈ
പാട്ട് പഠിച്ച് ടീച്ചർക്ക്
അതിന്റെ ഒരു AUDIO CLIP
അയച്ചു തരണേ.....

